**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം -ഗ്രാമവികസന കമ്മീഷണറേറ്റിലെ ക്ലാർക്ക് ശ്രീമതി.ദീപ.കെ.എസ് കൈപ്പറ്റിയ പലിശരഹിത വായ്പ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

സ.ഉ. (ആർ.റ്റി) നമ്പർ. 695/2021/തസ്വഭവ, തിരുവനന്തപുരം, തീയതി: 15.03.2021

---

പരാമർശം : 1) സ.ഉ (ആർ.റ്റി) നം.2900/2018/തസ്വഭവ തീയതി 14.11.2018.

2) ശ്രീമതി.ദീപ.കെ.എസ്, ക്ലാർക്ക്, ഗ്രാമവികസന കമ്മീഷണറേറ്റ് സമർപ്പിച്ച 06.02.2019-ലെ അപേക്ഷ.

3) ഗ്രാമവികസന കമ്മീഷണറുടെ 13.12.2019, 25.11.2020 എന്നീ തീയതികളിലെ 14812/എസി&എഡി2//2018/സിആർഡി നമ്പർ കത്ത്.

4) ആരോഗ്യവകുപ്പ് ഡയറക്ടറുടെ 17.04.2020-ലെ (എൽ.ഡിസ്)എം.ആർ 1-72198/2019/ആവഡ നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രാമവികസന കമ്മീഷണറേറ്റിലെ ക്ലാർക്ക് ആയ ശ്രീമതി.ദീപ.കെ.എസ്-ന്റെ പിതാവിന് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ചികിത്സയ്ക്കായി പലിശരഹിത മെഡിക്കൽ വായ്പയായി 3,00,000/- (മൂന്നു ലക്ഷം രൂപ മാത്രം) പരാമർശം (1) പ്രകാരം അനുവദിച്ചു. ടി വായ്പയിൽ ചികിത്സയ്ക്ക് ചെലവായ രൂ.1,94,425/- (ഒരു ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി നാനൂറ്റി ഇരുപത്തി അഞ്ച് രൂപ) കിഴിച്ച് ബാക്കിയുള്ള രൂ.1,05,575/- (ഒരു ലക്ഷത്തി അയ്യായിരത്തി അഞ്ഞൂറ്റി എഴുപത്തി അഞ്ച് രൂപ) ടിയാരി ട്രഷറിയിൽ അടച്ചിട്ടുള്ളതാണ്. അതിന് ശേഷം തുടർചികിത്സയ്ക്കായി 11,463/- രൂപ ചെലവായതായും ടി തുകയും 1,94,425/- രൂപയും സഹിതം ആകെ ചെലവായ 2,05,888/- രൂപ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റായി അനുവദിച്ച് കിട്ടുന്നതിന് പരാമർശം (2) പ്രകാരം ടിയാരി സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം ഗ്രാമവികസന കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചു

ടി ചികിത്സയ്ക്ക് 1,58,926/- രൂപ (ഒരു ലക്ഷത്തി അൻപത്തി എട്ടായിരത്തി തൊള്ളായിരത്തി ഇരുപത്തി ആറ് രൂപ) അനുവദനീയമായ തുകയായി പരാമർശം (4) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചു. ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച

1,58,926/- രൂപ, ചികിത്സയ്ക്ക് ചെലവായ 1,94,425/- രൂപയിൽ നിന്നും കിഴിച്ച് ബാക്കി 35,499/- രൂപ ടിയാരി ട്രഷറിയിൽ അടച്ച് രസീത് ഹാജരാക്കി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമവികസന കമ്മീഷണറേറ്റിലെ ക്ലാർക്ക് ആയ ശ്രീമതി.ദീപ.കെ.എസ്-ന്റെ പിതാവിന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ ചികിത്സയ്ക്കായി ആകെ ചെലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചിട്ടുള്ള രൂ.1,58,926/- രൂപ കിഴിച്ച് 3,00,000/- രൂപയുടെ പലിശരഹിത ചികിത്സാ വായ്പയിൽ ബാക്കിയുള്ള മുഴുവൻ തുകയും ടിയാരി ട്രഷറിയിൽ ഒടുക്കി ചെലാൻ ഹാജരാക്കിയിട്ടുള്ള സാഹചര്യത്തിൽ ടിയാരിയ്ക്ക് അനുവദനീയമായ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് തുകയായ രൂ.1,58,926/-(ഒരു ലക്ഷത്തി അൻപത്തി എട്ടായിരത്തി തൊള്ളായിരത്തി ഇരുപത്തി ആറ് രൂപ) പരാമർശം (1) പ്രകാരം അനുവദിച്ച 3,00,000/- രൂപയുടെ പലിശരഹിത ചികിത്സാ വായ്പയിൽ ക്രമീകരിച്ച് കൊണ്ട് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**നവീൻ കൃഷ്ണൻ.ജി.ഐ**
**അണ്ടർ സെക്രട്ടറി**

1) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം (ബില്ലുകളും രേഖകളും സഹിതം)
2) ശ്രീമതി.ദീപ.കെ.എസ്, ക്ലാർക്ക്, ഗ്രാമവികസന കമ്മീഷണറേറ്റ്, തിരുവനന്തപുരം.
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
4) അക്കൗണ്ടന്റ് ജനറൽ ( എ&ഇ), തിരുവനന്തപുരം
5) ധനകാര്യവകുപ്പ് (20/02/2021 ലെ 999137/എൽ 3/599/2018/ധന നമ്പർ കുറിപ്പ് പ്രകാരം)
6) ഇൻഫർമേഷൻ കേരള മിഷൻ
7) വെബ് & ന്യൂ മീഡിയ ഡിവിഷൻ ഡിപ്പാർട്ട്മെന്റ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
8) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
[signature]
സെക്ഷൻ ഓഫീസർ